No: 2303/MCA/2014/TA.2/CEE


കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# വിജ്ഞാപനം

## സർക്കാർ, എയ്ഡഡ്,സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ കോളേജുകളിലെ എം.സി.എ. കോഴ്സ് 2014- 15 പ്രവേശനം രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ഷെഡ്യൂൾ ഓപ്ഷൻ കൺഫർമേഷന് വേണ്ടി വെബ്സൈറ്റ് സജ്ജമാകുന്നു

കേരളത്തിലെ സർക്കാർ, എയ്ഡഡ്, സർക്കാർനിയന്ത്രിത /സ്വകാര്യ സ്വാശ്രയ കോളേജുകളിലെ 2014 - 15 വർഷത്തെ എം.സി.എ. കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് **06.12.2014 ( ശനിയാഴ്ച )** നടത്തുന്നതാണ്.

അലോട്ട്മെന്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത അലോട്ട്മെന്റിൽ നില വിലെ ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കപ്പെടേണ്ടതുണ്ടെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതും, ആവശ്യമില്ലാത്ത ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതുമാണ്. ഓപ്ഷൻ കൺഫർമേഷൻ, റദ്ദാക്കൽ, പുന:ക്രമീക രണം എന്നിവയ്ക്കായി **02.12.2014** മുതൽ **05.12.2014 വൈകുന്നേരം 5 മണി** വരെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. **നിശ്ചിത സമയത്തിനുള്ളിൽ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.** നേരിട്ടോ തപാൽ/ഫാക്സ്/ഇ-മെയിൽ മുഖാന്തിരമോ ഉള്ള ഓപ്ഷൻ കൺഫർമേഷൻ/ ഹയർ ഓപ്ഷൻ പുന:ക്രമീകരണം/റദ്ദാക്കൽ എന്നിവയ്ക്കുള്ള അപേക്ഷകൾ യാതൊരു കാരണ വശാലും പരിഗണിക്കുന്നതല്ല.

**വിശദമായ അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 02.12.2014 | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ/ ഹയർ ഓപ്ഷൻ പുന:ക്രമീകരണം/ ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 05.12.2014, വൈകുന്നേരം 5 മണി | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ /ഹയർ ഓപ്ഷൻ പുന:ക്രമീകരിക്കുന്നതിന്/ റദ്ദാക്കുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| **06.12.2014** | **രണ്ടാംഘട്ട അലോട്ട്മെന്റ്** |
| 08.12.2014 മുതൽ 11.12.2014 വരെ | പുതിയതായി അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) നിർദ്ദിഷ്ട ശാഖകളിൽ ഫീസ്/ബാക്കി ഫീസ്/തുക ഒടുക്കണം. |
| 08.12.2014 മുതൽ 11.12.2014 വരെ | അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും കോളേജ് പ്രിൻസിപ്പൽമാർ മുമ്പാകെ നേരിട്ട് ഹാജരായി പ്രവേശനം നേടണം. |
| 11.12.2014, വൈകുന്നേരം 5 മണി | കോളേജ് പ്രിൻസിപ്പൽമാർ നോൺജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായും അതിന്റെ പ്രിന്റൗട്ട് എടുത്ത് ഒപ്പ് രേഖപ്പെടുത്തിയശേഷം ഫാക്സ് മുഖേനയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം. |

**ഫീസ്:**

എം.സി.എ. കോഴ്സിന് സർക്കാർ/സർക്കാർ എയ്ഡഡ് കോളേജുകൾക്കും, സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ സർക്കാർ സീറ്റുകൾക്കും വാർഷിക ട്യൂഷൻ ഫീസ് **7,000/-** രൂപയാണ്. സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് സീറ്റ് ുകൾക്ക് വാർഷിക ട്യൂഷൻ ഫീസ് **38,500/-** രൂപയും സ്വകാര്യ സ്വാശ്രയ കോളേജുകളിലെ മെരിറ്റ് സീറ്റുകൾക്ക് വാർഷിക ട്യൂഷൻ ഫീസ് **50,000/-** രൂപയുമാണ്.

**അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ :**

1. പ്രവേശന പരീക്ഷാ കമ്മീഷണർ രണ്ടാം ഘട്ടത്തിൽ നൽകുന്ന അലോട്ട്മെന്റ് മെമ്മോ.
2. ബാങ്കിൽ ഫീസ് അടച്ചതിന്റെ രസീത്.
3. പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്.
4. എസ്.എസ്.എൽ.സി. / ജനന തീയതി തെളിയിക്കുന്നതിനുള്ള മറ്റ് സ്കൂൾ രേഖകൾ.
5. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റുകളും, പാസ്സ് സർട്ടിഫിക്കറ്റും.
6. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും, സ്വഭാവ സർട്ടിഫിക്കറ്റും.
7. സമീപ കാലത്ത് എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ.
8. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ നിന്നോ, ബോർഡുകളിൽ നിന്നോ യോഗ്യതാപരീക്ഷ പാസ്സായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികൾ നൽകുന്ന "എലിജിബിലിറ്റി സർട്ടിഫിക്കറ്റ്" .
9. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികൾ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.
10. സർക്കാർ/അർദ്ധ സർക്കാർ/ബാങ്ക് മുതലായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അപേക്ഷകർ ബന്ധപ്പെട്ട സ്ഥാപന മേധാവികളിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും, സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

**ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചവർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത ശേഷം അതത് കോളേജുകളിൽ നിർദ്ദിഷ്ട തീയതികളിൽതന്നെ അഡ്മിഷൻ നേടേണ്ടതാണ്. അല്ലാത്തപക്ഷം അത്തരം വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അവരെ തുടർന്നുള്ള അലോട്ട്മെന്റുകളിൽ നിന്നും ഒഴിവാക്കുന്നതുമാണ്.**

കോളേജ് പ്രിൻസിപ്പൽമാർ പ്രോസ്പക്ടസിലെ 5 (b), 11.8 (b) എന്നീ ക്ലോസുകൾ പ്രകാരം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതയും രേഖകളും പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷമാണ് പ്രവേശനം നൽകേണ്ടത്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും അടങ്ങുന്ന പ്രോസ്പക്ടസ് www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് **0471- 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
01.12.2014

**പ്രവേശന പരീക്ഷാ കമ്മീഷണർ**